**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60 03.03.2020-ലെ മറുപടിയ്ക്ക്

## കായിക മേഖലയുടെ പ്രോത്സാഹനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.കെ.പ്രശാന്ത്**<br>**,, ആർ. രാജേഷ്**<br>**,, പി.ടി.എ. റഹീം**<br>**,, ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായിക മേഖലയുടെ പ്രോത്സാഹനത്തിന്റെ ഭാഗമായി മുടങ്ങിക്കിടന്നിരുന്ന സ്പോർട്സ് ക്വാട്ട നിയമനം പുനരുജ്ജീവിപ്പിച്ച് നിയമനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വരെയുള്ള 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി 'ഓൺലൈൻ' ആയി അപേക്ഷ ക്ഷണിക്കുകയും എന്നാൽ സാങ്കേതിക കാരണങ്ങളാൽ മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് 'ഓൺലൈൻ' ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ വരുകയുമുണ്ടായി. ആയതിനാൽ ടി കായിക ഇനങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നും മാനുവൽ ആയി അപേക്ഷ ക്ഷണിച്ചുകൊണ്ട് 25.10.2017-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിക്കുകയും അർഹരായ അപേക്ഷകരുടെ സർട്ടിഫിക്കറ്റ് പരിശോധന നടത്തുകയുമുണ്ടായി. തുടർന്ന് 16.01.2019 ന് ചേർന്ന സെലക്ഷൻ കമ്മിറ്റി 2010-14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട ഉദ്യോഗാർത്ഥികളുടെ 409 പേരടങ്ങുന്ന സെലക്ട് ലിസ്റ്റ് അംഗീകരിക്കുകയും ആയത് അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്യുകയുമുണ്ടായി. പ്രസ്തുത സെലക്ട് |

| | | | |
|---|---|---|---|
| | | | ലിസ്റ്റിനെതിരെ ഉദ്യോഗാർത്ഥികൾ ഉന്നയിച്ച ആക്ഷേപങ്ങൾ പരിശോധിക്കുകയും പ്രസ്തുത സെലക്ട് ലിസ്റ്റ് ഭേദഗതി ചെയ്യുകയുമുണ്ടായി. 2010-14 വർഷത്തെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 5 ഉദ്യോഗാർത്ഥികളെ റെഗുലർ തസ്തികയിലും 190 ഉദ്യോഗാർത്ഥികളെ താൽക്കാലികമായും നിയമിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീമതി.നയനാ ഫിലിപ്പ് ഫയൽ ചെയ്ത കേസിലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ 2014 വർഷത്തെ അസിസ്റ്റന്റിന്റെ ഒരു തസ്തിക ഒഴിച്ചിട്ടിട്ടുള്ളതാണ്. |
| (ബി) | ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച താരങ്ങൾക്ക് നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്കായി വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ.ഷൈബൻ.ഇ.ബിക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ച വച്ച് രാജ്യത്തിന് വേണ്ടി നേടിയ മികവ് |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009 ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച് ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്.<br>ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായികതാരങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർ പരിശീലനം, ചികിത്സാ സഹായം, വീട് നിർമ്മാണം എന്നീ ആവശ്യങ്ങൾക്ക് സർക്കാർ ഉത്തരവിന് വിധേയമായി കായിക വികസന നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് വരുന്നുണ്ട്.<br>കൂടാതെ ഖേലോ ഇന്ത്യാ യൂത്ത് ഗെയിംസ് 2019-ൽ മെഡലുകൾ നേടിയ 191 പേർക്ക് ആകെ 20,39,000/-രൂപ ക്യാഷ് അവാർഡ് അനുവദിച്ചു നൽകിയിട്ടുണ്ട്. ദക്ഷിണ കൊറിയയിൽ വച്ച് നടന്ന ലോക ബോഡി ബിൽഡിംഗ് & ബെസ്റ്റ് ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ യൂണിവേഴ്സ് പട്ടം നേടിയ ശ്രീ.ചിത്തരേഷ് നടേശന് 5 ലക്ഷം രൂപ പാരിതോഷികമായി അനുവദിച്ചിട്ടുണ്ട്. |
| (സി) | യോഗ്യരായ കായിക താരങ്ങളെ മികച്ച പരിശീലനം നൽകി അന്താരാഷ്ട്ര നിലവാരം കൈവരിക്കാൻ പ്രാപ്തരാക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ സ്പോർട്സ് മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**<u>ഓപ്പറേഷൻ ഒളിമ്പ്യ</u>**<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, |

റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".

ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**സ്പ്ലാഷ്**

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

**ഹൂപ്സ്**

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

**സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം**

ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി

തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

**പ്ലേ ഫോർ ഹെൽത്ത്**

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

**പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി.**

ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കോണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000/- കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

**അന്തരാഷ്ട്ര സ്പോർട്സ് എക്സ്പോ**

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി "ഇന്റർ നാഷണൽ സ്പോർട്സ് എക്സ്പോ കേരള 2019" സംഘടിപ്പിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ടം 2020 ഫെബ്രുവരി 13, 14, 15 തീയതികളിൽ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലും സംഘടിപ്പിച്ചു.

**ബീച്ച് ഗെയിംസ്**

തീരദേശ കായിക സംസ്കാരവും

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാരമേഖലയിലെ പുത്തൻ സാധ്യതകളും മുൻനിർത്തി കേരളത്തിന്റെ കടലോരമേഖലയിലെ കായിക വികസനത്തിന് ഉണർവ്വ് നൽകുന്നതിനുമായി ടൂറിസം, ഫിഷറീസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ബീച്ച് ഗെയിംസ്. വിവിധ ജില്ലകളിലെ കായികതാരങ്ങൾ, മത്സ്യത്തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർ ഗുണഭോക്താക്കളാകുന്ന പരിപാടിയുടെ ജില്ലാതല മത്സരങ്ങൾ 2019 നവംബർ, ഡിസംബർ, 2020 ജനുവരി മാസങ്ങളിലായി സംഘടിപ്പിച്ചു. സംസ്ഥാനതല മത്സരങ്ങൾ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>**<u>സ്പോർട്സ് കേരള മാരത്തോൺ</u>**<br>കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ. ഇതിനോടകം അന്തർദേശീയ കായിക കലണ്ടറിൽ ഇടം നേടിയ ഈ കായിക ഇനത്തിന്റെ ആദ്യ പതിപ്പിൽ ദേശീയ, അന്തർദേശീയ കായിക താരങ്ങൾ ഉൾപ്പെടെ പങ്കെടുത്തു. പ്രസ്തുത പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ കണ്ണൂർ,കോഴിക്കോട്, എറണാകുളം ജില്ലകളിൽ ഹാഫ് മാരത്തോണും തിരുവനന്തപുരത്ത് ഫുൾ മാരത്തോണും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>**<u>ഷൂട്ടിംഗ് അക്കാഡമി</u>**<br>35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൂട്ടിങ്ങിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.<br>**<u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ</u>**<br>ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് _ വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 8 സ്ഥലങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 9 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതാണ്.<br>**<u>സ്സൈൽ പദ്ധതി</u>**<br>സ്സൈൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>**<u>കായികക്ഷമത മിഷൻ</u>**<br>ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതിയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത, കൈവരിക്കുന്നതിനു വേണ്ടി കേരള സാക്ഷരത മിഷൻ പ്രവൃത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വിഭാവനം ചെയ്ത് |

ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ". സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

**<u>എലൈറ്റ് സ്കീം</u>**

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.

കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കോളേജ് തലത്തിൽ കായികഉപകരണങ്ങൾ വാങ്ങുന്നതിനും, കായിക പരിശീലനത്തിനും, പരിശീലകനും ട്രെയിനർമാർക്കും ഹോണറേറിയം, നവീകരണ പ്രവർത്തനങ്ങൾ, ഫിറ്റ്നസ്സ് സെന്റർ, ലാബ് എക്യൂപ്മെന്റ്, ഫിസിയോളജി ലാബ്, സ്മാർട്ട് റൂം എന്നീ ആവശ്യങ്ങൾക്കും, കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്കായി സ്പോർട്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി വിവിധ പരിശീലന പദ്ധതികൾ നടത്തുന്നതിനും, കോഴിക്കോട് ഗവ.ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും

| | | | |
|---|---|---|---|
| | | | കായിക പരിപാടികൾ നടത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സ്പോർട്സ് മേഖലയിലെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം **അനുബന്ധം-I ആയും** ഇതിനു പുറമെ കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 പദ്ധതികളുടെ വിശദാംശം **അനുബന്ധം-II** ആയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | കായിക പരിശീലനത്തിനായി പുതിയ അക്കാദമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നിലവിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു.<br><br>കേരളത്തിലെ കുട്ടികളെ ഷൂട്ടിംഗ് മേഖലയിൽ അന്തർദേശീയ ദേശീയ ചാമ്പ്യൻമാരാക്കുന്നതിന് ശാസ്ത്രീയ പരിശീലനം നൽകുന്നതിനായി വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാഡമി, കൂടാതെ കണ്ണൂരിൽ അത്ലറ്റിക്സ് അക്കാഡമി ആരംഭിക്കുന്ന കാര്യവും പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>അത്ലറ്റിക്സ്, വോളീബോൾ, തായ്ക്കോണ്ടോ, ജൂഡോ, കളരി, ടെന്നീസ് എന്നീ കായികയിനങ്ങളിൽ അക്കാഡമികൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

നിയമസഭാ ചോദ്യം നം. 589 സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അടങ്ങുന്ന പട്ടിക - അനുബന്ധം - 1

| നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക |
|---|---|---|
| തിരുവനന്തപുരം | | |
| 1. | മൈലം ജി വി രാജാ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിലേക്കായി വിവിധ പ്രവൃത്തികൾ<br>1. ലൈൻ - 400 മീറ്റർ സിന്തറ്റിക് ട്രാക്ക്<br>2. സിന്തറ്റിക് ഫുട്ബോൾ സ്റ്റേഡിയം<br>3. സിന്തറ്റിക് ഹോക്കി സ്റ്റേഡിയം<br>4. സിന്തറ്റിക് സർഫസ് - ഇൻഡോർ സ്റ്റേഡിയം<br>5. ബയോ ഗ്യാസ് & ഇൻസിനറേറ്റർ<br>6. വിവിധ ഔട്ട് ഡോർ കോർട്ടുകളും അനുബന്ധ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികളും<br>ടി പ്രവൃത്തികൾ 2020 ഡിസംബർ മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. | 27,21,61,592/- |
| 2. | ജി വി രാജാ സ്പോർട്സ് സ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്<br>സെന്റർ ഫോർ എക്സലൻസ് മേനംകുളം, തിരുവനന്തപുരം<br>ടി പ്രവൃത്തികൾ 2020 ഏപ്രിൽ മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. | 1,49,45,000/- |
| കൊട്ടാരക്കര | | |
| 1. | കൊട്ടാരക്കര ജി എച്ച് എസ് എസ് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ<br>ടി പ്രവൃത്തികൾ 2020 മെയ് മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. | 1,00,00,000/- |
| പത്തനാപുരം | | |
| 1. | കുണ്ടയം പഞ്ചായത്ത് ഗ്രൗണ്ടിൽ മൾട്ടിപർപ്പസ് പ്ലെ സ്പെയ്സിന്റെ നിർമ്മാണം<br>ടി പ്രവൃത്തികൾ 2020 ഏപ്രിൽ മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. | 1,46,00,000/- |
| | ആലപ്പുഴ | |
| 1 | സെന്റ് ജോസഫ് എച്ച് എസ് എസ്ന്റെ നിലവിലെ ബാസ്ക്കറ്റ്ബാൾ കോർട്ടിന്റെ നവീകരണപ്രവൃത്തി<br>ടി പ്രവൃത്തി പൂർത്തീകരിച്ചു | 30,00,000/- |
| 2 | ചെങ്ങന്നൂരിലെ പുലിയൂർ പഞ്ചായത്ത് സ്റ്റേഡിയത്തിലെ നവീകരണ പ്രവൃത്തികൾ<br>ടി പ്രവൃത്തി പൂർത്തീകരിച്ചു | 50,00,000/- |

| | | |
|---|---|---|
| 3 | ചെങ്ങന്നൂരിലെ തിരുവൻവണ്ടൂരിൽ സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തികൾ<br>ടി പ്രവൃത്തികൾ 2020 ഏപ്രിൽ മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. | 50,00 |
| തൃശ്ശൂർ | | |
| 1 | കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മൾട്ടിപ്പർപ്പസ് സ്റ്റേഡിയത്തിന്റെ പൂർത്തീകരണം<br>ടി പ്രവൃത്തികൾ 2020 ഏപ്രിൽ മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. | 1,94,00,000/- |
| 2. | കുന്നംകുളം ജവഹർ സ്ക്വയർ ഇൻഡോർ സ്റ്റേഡിയത്തിൽ എൽ ഇ ഡി അരീന ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി<br>ടി പ്രവൃത്തി പൂർത്തീകരിച്ചു | 13,22,000/- |
| 3. | കുന്നംകുളം ജിഎച്ച്എസ്എസ് ൽ നാച്വറൽ ഫുട്ബോൾ ടർഫ്, റീറ്റെയിനിംഗ് വാൾ, കോമ്പൗണ്ട് വാൾ, ഗ്യാലറി ബിൽഡിംഗിന്റെ നിർമ്മാണം<br>ടി പ്രവൃത്തികൾ 2020 ഏപ്രിൽ മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. | 5,09,80,000/- |
| 4. | കുന്നംകുളം ഇൻഡോർ സ്റ്റേഡിയത്തിൽ എൽ ഇ ഡി അരീന ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി<br>ടി പ്രവൃത്തികൾ 2020 ഏപ്രിൽ മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. | 50,00,000/- |
| പാലക്കാട് | | |
| 1. | 1. കണ്ണമ്പ്ര പഞ്ചായത്ത് സിന്തറ്റിക് ഫുട്ബോൾ സ്റ്റേഡിയം<br>2. കോട്ടായി ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, സെവൻസ് ഫുട്ബോൾ<br>ടി പ്രവൃത്തികൾ 2020 മെയ് മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. | 10,00,00,000/- |
| 2. | പാലക്കാട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ ഫെൻസിംഗിന്റെയും ടർഫിംഗിന്റെയും നിർമ്മാണ പ്രവൃത്തി<br>ടി പ്രവൃത്തി പൂർത്തീകരിച്ചു | 62,37,521/- |

S.O

അനുബന്ധം II

കിഫ്ബി സഹായത്തോടെ നവീകരിക്കുന്ന / നിർമ്മിക്കുന്ന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 14 ജില്ലാ സ്റ്റേഡിയങ്ങളുടെയും, 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും വിശദാംശങ്ങൾ

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി (31.01.2020 വരെ) |
|---|---|---|---|---|
| ജില്ലാ സ്റ്റേഡിയം (14 എണ്ണം) | | | | |
| 1 | തിരുവനന്തപുരം ഗോൾസ്റ്റ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | 58.44 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | 41.77 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 18% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | 70.56 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | 36.98 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 32% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 30.59 | പദ്ധതി 20.01.2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 6 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | 42.27 | പദ്ധതി 22.01.2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 7 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 40 | 45.48 | പദ്ധതിക്കായി പരിഗണിച്ചിരുന്ന പത്തനംതിട്ട മുനിസിപ്പൽ സ്റ്റേഡിയം ലഭ്യമാകാത്തതിനാൽ പദ്ധതി കോന്നി മണ്ഡലത്തിൽ ലഭ്യമായ സ്ഥലത്ത് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |



Scanned by CamScanner

| | | | | |
|---|---|---|---|---|
| 8 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40 | 33.85 | ടെണ്ടർ നടപടികൾ പൂർത്തിയായി. സാങ്കേതിക പരിശോധന നടന്നു വരുന്നു. |
| 9 | ഇടുക്കി കെ.പി.തോമസ് ഇൻഡോർ സ്റ്റേഡിയം | 40 | 47.41 | പുതുക്കിയ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നു. |
| 10 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | 71.27 | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ബ/ഠ. കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 11 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു ഇൻഡോർ സ്റ്റേഡിയം | 40 | 48.61 | പദ്ധതി 20.01.2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 12 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | - | 04.02.2020ന് ബഹു. കായിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത സ്റ്റേഡിയം ചക്കിട്ടപ്പാറയിൽ ലഭ്യമായ സ്ഥലത്ത് നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 13 | കോട്ടയം സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | - | ചിങ്ങവനത്ത് നിർദ്ദിഷ്ട പദ്ധതി പ്രദേശം കായിക യുവജനകാര്യാലയത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. |
| 14 | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | 40 | - | നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല |
| | പഞ്ചായത്ത് കളി സ്ഥലം - ബഡ്ജറ്റ് 2016-17 (33 എണ്ണം) | | | |
| 1 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 20.76 | 17.04 | സിവിൽ നിർമ്മാണ പ്രവൃത്തികൾ [illegible] പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.73 | 10.67 | സിവിൽ നിർമ്മാണ പ്രവൃത്തികൾ [illegible] |



Scanned by CamScanner

| | | | | |
|---|---|---|---|---|
| | | | | പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ് മലപ്പുറം | 15.69 | 6.82 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. | | 8.87 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കൊടുമൺ സ്റ്റേഡിയം | 15.86 | 14.10 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 6 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5 | 5.49 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 10% പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5 | 5.34 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 85% പൂർത്തീകരിച്ചിട്ടുണ്ട്. |
| 8 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 | 18.30 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. |
| 9 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | രണ്ട് പദ്ധതികൾക്കായി 14.17 | 5.75 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 10 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.20 | 13.05 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 78% പൂർത്തീകരിച്ചിട്ടുണ്ട്. |
| 11 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5 | 9.58 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. |
| 12 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 14.35 | 5.54 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. |
| 13 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | 4.97 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 35% പൂർത്തീകരിച്ചിട്ടുണ്ട്. |
| 14 | മട്ടന്നൂർ സ്റ്റേഡിയം | 5 | 4.12 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. |
| 15 | നെടുങ്കണ്ടം സ്റ്റേഡിയം | 5 | 9.40 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 10% പൂർത്തീകരിച്ചിട്ടുണ്ട്. |
| 16 | നടുവണ്ണൂർ വോളിബോൾ അക്കാദമി | 10.63 | 9.262 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 3% പൂർത്തീകരിച്ചിട്ടുണ്ട്. |
| 17 | താനൂർ സ്റ്റേഡിയം | 10.14 | 10.07 | പദ്ധതി [illegible] |



Scanned by CamScanner

| | | | | |
|---|---|---|---|---|
| | | | | മാറ്റേണ്ടതുണ്ട്. പദ്ധതിയുടെ പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| 18 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 6.113 | പദ്ധതിയ്ക്കായി ആദ്യ ഘട്ടത്തിൽ പരിഗണിച്ച സേക്രട്ട് ഹേർട്ട് സ്കൂൾ ഗ്രൗണ്ട് പ്രളയ സാധ്യതയുള്ള പ്രദേശമായതിനാൽ പ്രസ്തുത പദ്ധതി മുക്കം നഗരസഭയിലെ മാമ്പറ്റ മുനിസിപ്പൽ സ്റ്റേഡിയത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിലേക്കാ യി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം പുതുക്കിയ സാങ്കേതിക അനുമതി നൽകിയ പദ്ധതി 22.01.2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 19 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് | 30 | 56.19 | ടെണ്ടർ നടപടികൾ പൂർത്തിയായി. സാങ്കേതിക പരിശോധന നടന്നു വരുന്നു. |
| 20 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 16.83 | 7.67 | പുതുക്കിയ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കോളേജ് അധികൃതർ ധാരണാപത്രത്തിൽ ഏർപ്പെടുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്. |
| 21 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 4.932 | പദ്ധതി 20.01.2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 22 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10 | 8.34 | സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കോളേജുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നമുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതാണ് |



Scanned by CamScanner

| | | | | |
|---|---|---|---|---|
| 23 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 | -- | തീരദേശ റെഗുലേറ്ററി അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് |
| 24 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | -- | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 25 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | -- | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 26 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5 | -- | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 27 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | -- | പദ്ധതിക്കായുള്ള പുതുക്കിയ ഡി.പി.ആർ തയ്യാറാക്കി വരുകയാണ്. |
| 28 | ആലപ്പുഴ റോവിംഗ് ട്രാക്ക് | 10 | -- | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്. |
| 29 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 13.32 | 9.69 | പദ്ധതിയ്ക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നഗരസഭക്ക് പൂർത്തിയാക്കാനാകാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 30 | എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട്. | 5 | -- | പഞ്ചായത്ത് നാളിതുവരെ ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടില്ല. |
| 31 | കൊറ്റൻകര മിനി സ്റ്റേഡിയം | | -- | പദ്ധതിക്കനുയോജ്യമായ സ്ഥലം ലഭ്യമായില്ല |
| 32 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 | 10.64 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ |



Scanned by CamScanner

| | | | | |
|---|---|---|---|---|
| | | | | തയ്യാറാകാത്തതിനാൽ പദ്ധതിക്ക് വകയിരുത്തിയ തുക ഉപയോഗിച്ച് മയ്യിൽ, ചെറുകുന്ന് എന്നി സ്ഥലങ്ങളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നത് പരിഗണനയിലാണ്. |
| 33 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി | 8.62 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ പദ്ധതി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| പഞ്ചായത്ത് കളി സ്ഥലം - ബഡ്ജറ്റ് 2017-18 (10 എണ്ണം) | | | | |
| 1 | പറളി സ്കൂൾ, പാലക്കാട് | 10 | 6.937 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 40% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | 5.634 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 15% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10 | 6.446 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 5% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10 | 7.05 | നഗരസഭ കായിക വകുപ്പുമായി ധാരണാ പത്രത്തിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ മറ്റൊരു സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലാണ്. |
| 5 | വടകര ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | 10 | 16.29 | പദ്ധതിയുടെ കരാർ ഊരാളുങ്കൽ -ന് നൽകിയിട്ടുണ്ട്. |
| 6 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | 10 | | |
| 7. | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 | 13.10 | പദ്ധതി 20.01.2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 8 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | | |
| 9 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10 | 6.71 | സാങ്കേതിക അനുമതി നൽകേണ്ടതുണ്ട്. |



Scanned by CamScanner

| | | | | |
|---|---|---|---|---|
| 10 | തൃശ്ശൂർ അക്വാട്ടിക് കോപ്ലക്സ് & മട്ടന്നൂർ സ്വിമ്മിംഗ് പൂൾ | 20 | -- | തൃശ്ശൂർ അക്വാട്ടിക് കോപ്ലക്സിന്റെ നവീകരണത്തിനായി 5 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുന്നു. മട്ടന്നൂർ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട് |

S.O



Scanned by CamScanner